പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1401 — 02.07.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014 -15 സാമ്പത്തിക വർഷത്തിൽ ആകെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 588.19 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | എത്ര പേർക്ക് പ്രസ്തുത കാലയളവിൽ തൊഴിൽ നൽകിയെന്നും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്നും വ്യക്തമാക്കാമോ ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ 13.79 ലക്ഷം കുടുംബങ്ങളിലെ 15.12 ലക്ഷം പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ശരാശരി 42.6 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ഇക്കാലയളവിൽ എത്ര തുക വേതനമായി നൽകിയെന്നും, വേതന കുടിശ്ശിക നിലവിലുണ്ടോയെന്നും എങ്കിൽ അത് എത്രയാണെന്നും വിശദമാക്കാമോ ? | (സി) | 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ അവിദഗ്ദ്ധ കായിക തൊഴിൽ വേതനമായി 150062.26 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷത്തെ വേതന കുടിശ്ശിക 3357.22 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ